മത്സ്യത്തൊഴിലാളിക്ഷേമനിധി പെൻഷൻ കുടിശ്ശിക

82(5667) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യത്തൊഴിലാളിക്ഷേമനിധി പെൻഷൻ തുകയിൽ കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

2015 ജനുവരി മാസം മുതൽക്കാണ് പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നത്. അതിൽ 2015 ജനുവരി, ഫെബ്രുവരി മാസത്തെ പെൻഷൻ വിതരണത്തിനായി 7,67,00,000 രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കിയും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ചമാസ സമാശ്വാസ പദ്ധതി

83(5668) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ചമാസ സമാശ്വാസ പദ്ധതിയിലേക്ക് ഈ വർഷം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി എത്ര തുകയാണ് ലഭ്യമാക്കാനുള്ളത് ; ഈ തുക ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിലേക്ക് മത്സ്യത്തൊഴിലാളികളുടെ വിഹിതമായി ഈ വർഷം എത്ര തുക ലഭിച്ചിട്ടുണ്ട് ;

(സി) ഈ തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരദേശമത്സ്യത്തൊഴിലാളികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമായി 29,11,84,600 രൂപയും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി 3,71,33,400 രൂപയുമാണ് ലഭ്യമാക്കാനുള്ളത്. ആയതിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്കുള്ള ആദ്യ ഗഡു സർക്കാർ വിഹിതമായ 14,55,92,300 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) 170014 തീരദേശ മത്സ്യത്തൊഴിലാളികളിൽനിന്നും 145592300 രൂപയും 21719 ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽനിന്നും 1,85,66,700 രൂപയും സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി ലഭിച്ചിട്ടുണ്ട്.

(സി) തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly